# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2439** **12.06.2018-ൽ മറുപടിക്ക്**

## കൈത്തറി സ്ഥാപനങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. കെ. വിജയൻ** | **ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) നിലവിൽ കൈത്തറി സ്ഥാപനങ്ങളുടെ ഉന്നമനത്തിന് എന്തൊക്കെ ആശ്വാസ നടപടികൾ നൽകി വരുന്നു എന്ന് വിശദമാക്കാമോ; | (എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യം വച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്ന പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹനസഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹനപദ്ധതി, റിബേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതികൾക്കു പുറമേ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതോടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനു ശേഷം പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നെയ്ത്തു തൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും ചെയ്തു. നിലവിൽ നെയ്യുവാനുള്ള അടിസ്ഥാനസൗകര്യമില്ലാത്ത നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.കൈത്തറി മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1)നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്. |

| | | | |
|---|---|---|---|
| | | | 2)നെയ്ത്തുകാരുടെ അവകാശികൾക്ക് മരണാനന്തര ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഇൻഷ്വറൻസ് പദ്ധതി.<br>3) യാൺ ബാങ്കുകൾക്ക് അസംസ്കൃത വസ്തുക്കളായ കഴിനൂൽ, ചായങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നു.<br>4)ഹാന്റക്സ്, ഹാൻവീവ്, മറ്റ് 6 യാൺ ബാങ്കുകൾ എന്നിവ മുഖേന നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനായി മാർജിൻ മണി ലോൺ അനുവദിക്കുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ 29 നെയ്ത്തു സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ മേഖലയുടെ വളർച്ചയ്ക്ക് എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വിപണന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി(എൻ.ഐ.എഫ്.റ്റി) യുമായി ചേർന്ന്, ബ്രാൻഡിംഗ് രംഗത്ത് പദ്ധതി ആവിഷ്കരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## WORKING SOCITIES

| SL NO | NAME OF SOCIETY |
|---|---|
| 1 | Ajay Weavers Industrial Co op Society Ltd.No. HL Ind (D) 238. |
| 2 | Badagara Handloom Weavers Industrial Co op (P&S)society Ltd. No. F 1013 , |
| 3 | Balussery Weavers Co op (P&S) Society Ltd.F .1295, |
| 4 | Calicut Weavers Co op (P&S) Society Ltd. No. F,1062, |
| 5 | Cheruvannur weavers Indl workshop Co op Society Ltd.HL IND(D) 246 |
| 6 | Chombala Weavers Co op (P&S) Society Ltd. No. LL 43 |
| 7 | Edacheri Handloom Weavers Co op Society Ltd, LL 110, |
| 8 | Eramala Weavers Industrial workshop Co op Society Ltd. No HL Ind (D) 245. |
| 9 | Kadathanad weavers co op society Ltd,HL IND(D) 167 |
| 10 | Kakkodi Weavers Co op (P&S) Society Ltd. F.1293 |
| 11 | Keezhariyur weavers Co op (P&S) Society Ltd. No. HL Ind (D) - 248 |
| 12 | Kerala Handloom Weavers Industrial co op Society Ltd. No. H 227. |
| 13 | Kommeri Weavers Industrial workshop Co op Society Ltd NoHL IND(D) 244, |
| 14 | Koothali Handloom Weavers Co op (P&S) Society Ltd.No. LL 51, |
| | |
| 15 | Manikkoth weavers co op (p&S) society Ltd, LL 93 |
| 16 | Maniyur Weavers Co op (P&S) Society Ltd.No F 1035, |
| 17 | Mavoor silk 'Weavers Indl workshop Co-op Society Ltd No HL IND (D) 292 |
| 18 | Mayyannur Weavers Co op (P&S) Society Ltd. No. F 1318. |
| 19 | Meppayil Weavers Co op Society Ltd.No.H. 221, |
| 20 | Naduvannur Handloom Weavers Co op (P&S) Society Ltd. No.1317, |
| 21 | Nanminda Handloom Weavers Co op (P&S) Society Ltd. No. H 202 |
| 22 | Panthalayani Weavers Co op (P&S) Society Ltd No. F. 716, |
| 23 | Payyormala Handloom Weavers Co op (P&S) Society Ltd. N O.F 1160, |
| 24 | Puthuppanam Weavers Co op (P&S) Society Ltd.No.F 1320, |
| 25 | Star weavers Industrial workshop- Co op Society Ltd No.HL .Ind (D) 181 |
| 26 | Taj Textile Industrial Co op Society Ltd No H 210, |
| 27 | Thalakulathur Handloom Weavers Co op (P&S) Society HL IND (D) 250 |
| 28 | Thikkodi WEAVERS Co op Society Ltd. No F 1304 |
| 29 | Velikulangara WICS Ltd: |

സെക്ഷൻ ഓഫീസർ